**A** **912**

# സമഗ്ര ശിക്ഷാ, കേരളം

# അർധവാർഷിക മൂല്യനിർണയം 2023-24

## മലയാളം

## അടിസ്ഥാന പാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(4 x 1= 4)**

1. " കണ്ണൊണ്ടോ നിങ്ങടെ മൊഖത്ത്?
കൊച്ചിപ്പം വെള്ളം കുടിച്ച് ചത്തേനെല്ലോ."

(കൊടിയേറ്റം)

ഈ സന്ദർഭത്തിൽ തെളിയുന്ന ശങ്കരൻകുട്ടിയുടെ മാനസികാവസ്ഥ?

- അദ്ഭുതം
- അപകർഷത
- ഉത്തരവാദിത്തബോധം
- അസൂയ

2. "താഴെനിന്ന് വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം പോലെയുള്ള ഗർജനം കേൾക്കാം."

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം ?

- ഇടിയും മുഴക്കവും
- ഇടിയാകുന്ന മുഴക്കം
- ഇടിയുടെ മുഴക്കം
- ഇടി എന്ന മുഴക്കം

3. "എടീ, വല്ലവന്റേം ആനയെ മേയ്ക്കണതിനേക്കാൾ നന്നല്ലേ തന്റേതായൊരു ആടിനെ മേയ്ക്കണത്!"

(അജഗജാന്തരം)

നാണുക്കുട്ടിയുടെ ഈ പ്രസ്താവനയോട് യോജിക്കുന്ന വാക്യം.

- വലുപ്പമുള്ള മൃഗത്തെ മേയ്ക്കുന്നത് കുറച്ചിലാണ്
- വലുപ്പമുള്ള മൃഗത്തെ മേയ്ക്കുന്നതാണ് നല്ലത്
- ചെറുതെങ്കിലും അവനവന്റേതിനാണ് മഹിമ
- ചെറിയ മൃഗത്തെ മേയ്ക്കുന്നത് കുറച്ചിലാണ്.

(മറുപുറം)

4. "ഇങ്ങക്ക് ഞമ്മളെക്കൊണ്ട് എടങ്ങാറായി!"

(വെളിച്ചത്തിന്റെ വിരലുകൾ)

'എടങ്ങാറായി' എന്നതു കൊണ്ട് അർഥമാക്കുന്നത്?

- ഉപകാരമായി
- സന്തോഷമായി
- സഹായമായി
- ബുദ്ധിമുട്ടായി

5. ശരിയായ പദച്ചേരുവ കണ്ടെത്തി എഴുതുക

| | | |
|---|---|---|
| തൊണ്ടയിടറി | - | തൊണ്ട, യിടറി |
| തേങ്ങിത്തേങ്ങി | - | തേങ്ങി, തേങ്ങി |
| കൊള്ളയടിച്ച | - | കൊള്ള, യടിച്ച |
| വട്ടക്കണ്ണുകൾ | - | വട്ട, ക്കണ്ണുകൾ |

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം (2 x 2= 4)**

6. **അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.**

ശങ്കരൻകുട്ടി കൗതുകപൂർവം താഴെ തൊട്ടിലിലേക്കു നോക്കിനിന്നു. അയാളുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു

7.
- പഴത്തിന്റെ വിലകൊടുത്ത് അന്തസ്സായി <u>ഇടപാട് തീർത്തു</u>.
- എന്നാലും അവർ അവന്റെ <u>ഇടപാട് തീർത്തു</u> കളഞ്ഞല്ലോ.

അടിവരയിട്ട പ്രയോഗങ്ങളുടെ അർഥവ്യത്യാസം എഴുതുക.

8. "അതിനുവല്ല മണിപ്ലാന്റും പോരേ? അതാവുമ്പോ വെള്ളം മതിയല്ലോ. അല്ലെങ്കീ ഒറിജിനലിനെ വെല്ലുന്ന പ്ലാസ്റ്റിക് ചെടി കിട്ടും."

(ഹരിതമോഹനം)

വരികളിൽ തെളിയുന്ന സമീപനങ്ങൾ കണ്ടെത്തുക

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം (5x4= 20)**

9.
- "ആമിന അമ്പരന്നുപോയി. അവൾ ഹസ്സനെ ആകെയൊന്നു നോക്കി. ഈയാൾ ആരാണ്? പടച്ചവനോ!"
- "ഇങ്ങളാ ഇക്ക് ഉയിര് തന്നത്!"

(വെളിച്ചത്തിന്റെ വിരലുകൾ)

ആമിനയുടെ ജീവിതത്തിൽ ഹസ്സൻ ചെലുത്തിയ സ്വാധീനത്തിന്റെ സൂചനകളാണോ വരികളിൽ തെളിയുന്നത്? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

10. "പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ -
ച്ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം;
സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം അയ്യോ,
ദരിദ്രന്റെ മരവിപ്പാണസഹനീയം."

(അതേ പ്രാർഥന)

ആശയഭംഗി വ്യക്തമാക്കുക.

11. - "ആനയ്ക്കു ലേശം നീരസമുണ്ടായാൽ തീർന്നു പാപ്പാന്റെ ജന്മം. അത്തരം പ്രതികാരബുദ്ധി നല്ലവരായ കുഞ്ഞാടുകൾക്കില്ല."
- "ആന മേയ്ക്കുന്നതിനേക്കാൾ ക്ലേശമാണീ ആടുമേയ്പ്."

(അജഗജാന്തരം)

രൂപം മാത്രം നോക്കി വലുപ്പച്ചെറുപ്പം നിശ്ചയിക്കാനാവില്ല. സന്ദർഭം വിലയിരുത്തി പ്രസ്താവനയോട് പ്രതികരിക്കുക.

12. - "ആറിൻകരയിൽ, വഴി വന്നിറങ്ങുന്ന കടവിൽ ശങ്കരൻകുട്ടി ലോറി ഏതാണ്ട് കഴുകി വൃത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു."
- "വൃക്ഷത്തലപ്പുകൾ ആ ചൂളംവിളിക്ക് പശ്ചാത്തലമായി നീങ്ങി."

(കൊടിയേറ്റം)

ദൃശ്യാനുഭവങ്ങൾ നൽകുന്ന ഇത്തരം സന്ദർഭങ്ങളാണ് സിനിമയെ മനോഹരമാക്കുന്നത്. സൂചനകളും പ്രസ്താവനയും വിശകലനം ചെയ്ത് ലഘുകുറിപ്പ് തയാറാക്കുക.

13. - "അവൻ ആ കുന്നും ഇറങ്ങാൻ തുടങ്ങി. മായന്റെ നെഞ്ചിൽ ഒരു കിതപ്പുകിടന്ന് മുട്ടിത്തിരിഞ്ഞു."
- "രണ്ടോ മൂന്നോ കണ്ണീർക്കണങ്ങൾ ആ പടിക്കാൽപിടിച്ച കൈപ്പടത്തിന്മേൽ ഇറ്റിറ്റു വീണു."

(വെളിച്ചത്തിന്റെ വിരലുകൾ)

മകനെ വേർപിരിയുന്ന അച്ഛന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ സന്ദർഭങ്ങൾക്ക് സാധിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. "ആനക്കൂട്ടിൽപ്പിറന്ന്, ആനപ്പുറത്തു നടന്ന്, ആനച്ചുവട്ടിലുറങ്ങി അങ്ങനെ ആനക്കൊട്ടിലിൽ വളർന്ന നാണുക്കുട്ടി! വമ്പന്മാരായ പാപ്പാന്മാരുടെ കുലത്തിലെ അവസാന കണ്ണി!"

(അജഗജാന്തരം)

നാണുക്കുട്ടി എന്ന കഥാപാത്രത്തിലേക്ക് ആസ്വാദകനെ എത്തിക്കാൻ ഈ വാക്യങ്ങൾക്ക് എത്രമാത്രം സാധിക്കുന്നുണ്ട്? വിലയിരുത്തി കുറിപ്പ് തയാറാക്കുക.

(മറുപുറം)

മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം

**(2 x 6 = 12)**

15. • "മകൻ അകന്നകന്നുപോകുമ്പോൾ നെഞ്ചിൽനിന്ന് എന്തോ ഒന്നു വലിച്ചുചീന്തിയെടുക്കുംപോലെ തോന്നുന്നു."

• "മായൻ ഹസ്സന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു തേങ്ങിത്തേങ്ങിക്കരഞ്ഞു."

• "ഹൃദയത്തിൽനിന്ന് എന്തോ ചില കെട്ടുകളഴിഞ്ഞുപോകുന്നതുപോലെ തോന്നി. വെളിച്ചത്തിന്റെ ഒരു തള്ളിക്കയറ്റം; അമ്പരപ്പിക്കുന്ന തള്ളിക്കയറ്റം."

(വെളിച്ചത്തിന്റെ വിരലുകൾ)

മനുഷ്യസ്നേഹത്തിന്റെ ഔന്നത്യമാണ് 'വെളിച്ചത്തിന്റെ വിരലുകൾ.'
സൂചനകളും പ്രസ്താവനയും വിലയിരുത്തി 'സ്നേഹത്തിന്റെ മഹത്വം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

16. • "കറുത്ത മൃഗത്തെ നയിച്ചു നയിച്ചു മടുത്താശാനെ, ഒരു വെളുത്ത മൃഗത്തെ മേയ്ച്ചിട്ട് മരിക്കണംന്നൊരു പൂതി."

• "തന്റെ ഓമൽസ്വപ്നവും പേറി മുനയുള്ള നോട്ടങ്ങൾക്കും ചോദ്യങ്ങൾക്കും നടുവിലൂടെ തരിമ്പും കുലുങ്ങാതെ നാണുക്കുട്ടി നടന്നു."

• "ഇവൾ തന്റെ, തന്റെ മാത്രം, എന്ന ബോധം അത്യാനന്ദം ചുരത്തി."

(അജഗജാന്തരം)

നൽകിയ സൂചനകളും കഥയും വിശകലനം ചെയ്ത് നാണുക്കുട്ടി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. • "ശങ്കരൻകുട്ടി പതുക്കെ തലയുയർത്തി ശാന്തമ്മയെ നോക്കി. അവൾ അയാളെ നോക്കിനിൽക്കുകയായിരുന്നു. അവളുടെ കണ്ണുകൾ നനവാർന്നിരിക്കുന്നു."

• "ഞാൻ പോകുന്നു ശാന്തമ്മേ. അയാൾ കൈയിൽ വച്ചിരുന്ന പൊതി അവൾക്കു നീട്ടി."

• "വെള്ളത്തിൽ നിന്ന കുട്ടിയെ ഓടിച്ചെന്നു കൈയിലെടുത്തുയർത്തി അവന്റെ തള്ളയ്ക്കടുത്തു കൊണ്ടുചെന്നു വിട്ട് അയാൾ അവരോടു കയർത്തു."

(കൊടിയേറ്റം)

'കൊടിയേറ്റം' എന്ന സിനിമയിലെ ശങ്കരൻകുട്ടി എന്ന കഥാപാത്രത്തെപ്പോലുള്ളവർ ഇന്നും നമുക്കിടയിലുണ്ട്.

പ്രസ്താവനയും സൂചനകളും പരിശോധിച്ച് 'സമൂഹത്തിന്റെ പ്രതിഫലനമാണ് സിനിമ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

---